**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1809 — 5.12.2014-ൽ മറുപടിക്ക്

**കപ്പത്തോട്ടിലെ കുളവാഴകൾ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി). |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കരകവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനും, ഈ പഞ്ചായത്തുകളിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കപ്പത്തോട്ടിലെ കുളവാഴകൾ നീക്കം ചെയ്ത് ആഴംകൂട്ടി കെട്ടി സംരക്ഷിക്കുന്നതിനുമായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസ്തുത പഞ്ചായത്തുകളൊന്നും പദ്ധതി വച്ചിട്ടില്ല. ഉദ്ദേശം 5 കിലോ മീറ്റർ ദൈർഘ്യമുള്ള കപ്പത്തോട് വെട്ടി ആഴം കൂട്ടി കല്ല് കെട്ടി സംരക്ഷിക്കുന്നതിന് ഭാരിച്ച ഒരു സംഖ്യ ചെലവു വരുന്നതാണ്. ടി പ്രവൃത്തി ഏറ്റെടുക്കാനുള്ള സാമ്പത്തികശേഷി ഗ്രാമപഞ്ചായത്തുകൾക്കില്ല എന്നാൽ ടി തോട്ടത്തിലെ കുളവാഴകൾ നീക്കം ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| (ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ